**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം II**

**2024 സെപ്റ്റംബർ 28**

**നമ്പർ : 554**

## അങ്കണവാടി കുട്ടികൾക്ക് മെത്ത വാങ്ങുന്നതിന് പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നത് സംബന്ധിച്ച്

സംസ്ഥാനത്തെ അങ്കണവാടി കുട്ടികൾക്ക് ഉപയോഗിക്കാൻ ചെറിയ മെത്തകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് ബഹു. അംഗങ്ങളുടെ പ്രത്യേക വികസന നിധിയിൽ നിന്നും ₹ *5,00,000/-* (അഞ്ച് ലക്ഷം രൂപ മാത്രം) -ൽ അധികരിക്കാത്ത തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

അങ്കണവാടി കുട്ടികൾക്ക് ഉപയോഗിക്കാൻ ചെറിയ മെത്തകൾ കയർഫെഡിനു പുറമേ കയർ കോർപ്പറേഷനിൽ നിന്നും ബഹു. അംഗങ്ങൾക്ക് പ്രത്യേക വികസന നിധി ഉപയോഗപ്പെടുത്തി വാങ്ങാവുന്നതാണ്.

ഡോ. എൻ. കൃഷ്ണ കുമാർ,

സെക്രട്ടറി.